(സി)-(ഡി) കരുതുന്നില്ല.

സർവ്വേ വകുപ്പിലെ സർവ്വേയർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി

29 (*299) ശ്രീ. എൻ.ആർ. ബാലൻ :
ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം. റാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതികൾ കണ്ടുപിടിക്കുന്നതിനും ആഫീസുപരിശോധനകൾ ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(സി) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് ആഫീസുകളെയും റവന്യൂ ഡിവിഷണൽ ആഫീസുകളെയും കളക്ട്രേറ്റുകളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വില്ലേജ് ഓഫീസുകളിലേയും താലൂക്ക് ആഫീസുകളിലേയും അഴിമതി അവസാനിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിച്ചു പരിഹാരം കാണുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) 1997-ലെ 14-ാം ആക്ടുപ്രകാരം 1-7-1998 മുതൽ റവന്യൂ ബോർഡ് നിറുത്തലാക്കുകയും റവന്യൂബോർഡ് അംഗത്തിൽ നിക്ഷിപ്തമായിരുന്ന അധികാരം അതാതു വകുപ്പിന്റെ കമ്മീഷണർമാരിൽ നിക്ഷിപ്തമാക്കുകയും ചെയ്തുകൊണ്ട് 23-6-1998-ന് വിജ്ഞാപനം പുറപ്പെടുവിച്ചു. റവന്യൂ വകുപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വകുപ്പിൽ ജോലിഭാരം കുറഞ്ഞ ഓഫീസുകൾ നിറുത്തലാക്കുകയും പ്രസ്തുത ആഫീസുകളിലെ ഉദ്യോഗസ്ഥന്മാരെ ജോലിഭാരം അധികമായിട്ടുള്ളതും ജീവനക്കാരുടെ അഭാവം ഉള്ളതുമായ ആഫീസുകളിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ (കളക്ടറേറ്റുകൾ, താലൂക്കാഫീസുകൾ, വില്ലേജാഫീസുകൾ) ഇവിടങ്ങളിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തുകൊണ്ട് സർക്കാരിന്റെ 14.10.98-ലെ 510/98/ആർ.ഡി.നമ്പർ ഉത്തരവു പുറപ്പെടുവിച്ചത് 1.11.1998 മുതൽ നടപ്പാക്കിയിട്ടുണ്ട്. ഫർക്കാ റവന്യൂ ഇൻസ്പെക്ടർ തസ്തിക നിറുത്തലാക്കിയതിനാൽ താലൂക്കാഫീസിനും വില്ലേജാഫീസിനും ഇടയ്ക്കുള്ള ഒരു തട്ട് ഒഴിവായിട്ടുണ്ട്. താലൂക്കാഫീസിൽ കൂടുതലായി ഒരു തഹസീൽദാരേയും രണ്ട് ഡെപ്യൂട്ടി തഹസീൽദാർമാരേയും, 2 ക്ലാർക്കുമാർ, ഓരോ ടൈപ്പിസ്റ്റ്, 3 പ്യൂൺസ് തുടങ്ങി അധിക ജീവനക്കാരെ നിയമിച്ചതുകൊണ്ട് ഫയലുകളിൽ ഒരു പരിധിവരെ കാലതാമസം ഒഴിവാക്കുവാൻ കഴിഞ്ഞു. ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ക്ലീഡർമാരുടെ ഓഫീസുകളിലും കൂടുതൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. റവന്യൂ റിക്കവറിക്ക് 9 ആഫീസുകൾ പുതുതായി അനുവദിച്ചതുകൊണ്ട് റവന്യൂ കളക്ഷനിലെ കാലതാമസം ഒരു പരിധിവരെ പരിഹരിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ റവന്യൂ വരുമാനം കൂടുന്നതിന്റെ ഭാഗമായി അധികമായി നിശ്ചയിച്ചിട്ടുള്ള ഡെപ്യൂട്ടി തഹസീൽദാർമാരുടെ സേവനം ബിൽഡിംഗ് ടാക്സ്, പ്ലാന്റേഷൻ ടാക്സ്, പാട്ടത്തുക തുടങ്ങി വിവിധതരം കളക്ഷനുകൾ ഊർജ്ജിതപ്പെടുത്തുന്നതിനും സഹായിച്ചു. അഡീഷണൽ തഹസീൽദാർമാർക്ക് കൂടുതൽ അധികാരങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 7-12-1999-ലെ 497/99/ആർ.ഡി.നമ്പർ സർക്കാർ ഉത്തരവനുസരിച്ച് 26 തസ്തികൾ കൂടി പുതുതായി അനുവദിച്ചിട്ടുണ്ട്.

ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ 14.9.1999-ലെ വിധിയുടെ അടിസ്ഥാനത്തിൽ യു.ഡി.ക്ലർക്ക്/ വില്ലേജാഫീസർ, എൽ.ഡി. ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ് സീനിയോറിറ്റി ലിസ്റ്റുകൾ 10-11-1999-ന് പ്രസിദ്ധപ്പെടുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ഒഴിഞ്ഞുകിടന്ന അയ്യായിരത്തോളം തസ്തികകളിൽ പ്രമോഷൻ നടത്തുകയും ചെയ്തു. താലൂക്ക്/വില്ലേജ് ഓഫീസുകളിൽ നിന്ന് വിവിധതരം സർട്ടിഫിക്കറ്റുകൾ നല്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി നടപടിക്രമം നിശ്ചയിച്ച് ഉത്തരവു പുറപ്പെടുവിച്ചു. പരാതികളിൽ സത്വരനടപടി സ്വീകരിക്കുന്നതിനും അഴിമതി തടയുന്നതിനുമായി തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ വിജിലൻസ് സെല്ലുകൾ രൂപീകരിച്ചു.

(ബി) റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അഴിമതി പരിശോധിക്കുന്നതിനും കുറ്റക്കാരായി കാണുന്ന ഉദ്യോഗസ്ഥന്മാരുടെപേരിൽ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാനുമായി സംസ്ഥാനത്ത് രണ്ട് വിജിലൻസ് സെല്ലുകൾ നിലവിലുണ്ട്. കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകൾ ആസ്ഥാനമാക്കി ഡെപ്യൂട്ടി കളക്ടർ മേധാവിയായി റവന്യൂ ഉത്തരമേഖല-ദക്ഷിണമേഖല സെല്ലുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ആഫീസ് പരിശോധന ശക്തപ്പെടുത്തുന്നതിന്റെ ഭാഗമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ ജില്ലാ കളക്ടറേറ്റുകളിലും പരിശോധനാ വിഭാഗത്തിന് രൂപം നൽകി പ്രവർത്തിച്ചുവരുന്നു.

(സി) റവന്യൂഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ അടിസ്ഥാന ഘടകമായ വില്ലേജാഫീസുകൾ, താലൂക്കാഫീസുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, കളക്ട്രേറ്റുകൾ, റവന്യൂ കമ്മീഷണറേറ്റ്, സെക്രട്ടേറിയറ്റ് ഇവകളെ തമ്മിൽ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു ബൃഹത്തായ കമ്പ്യൂട്ടർ ശൃംഖല സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകിച്ചുവരുന്നു. വിവര സാങ്കേതിക വിദ്യ നടപ്പിൽവരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ടാസ്ക്ഫോഴ്സ് രൂപീകരിച്ച് റവന്യൂ വകുപ്പ് പൂർണ്ണമായും തന്നെ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും ജീവനക്കാർക്കാകെ കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനും വേണ്ട നടപടികളുടെ ഭാഗമായി ഘട്ടംഘട്ടമായി പരിശീലനം ആരംഭിച്ചു കഴിഞ്ഞു.

(ഡി) വില്ലേജാഫീസുകളിലേയും താലൂക്ക് ആഫീസുകളിലേയും അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥന്മാരുടെ പേരിൽ പരാതികളുണ്ടായാൽ പരിശോധിക്കുന്നതിനും കുറ്റക്കാരായി കാണുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുന്നതിനുംവേണ്ടി സംസ്ഥാനത്ത് 2 വിജിലൻസ് സെല്ലുകൾക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ വില്ലേജാഫീസുകളുടെ പരിശോധന പുതുതായി നിയമിച്ച അഡീഷണൽ തഹസീൽദാർമാർ

LIBRARY ARCHIVES Kerala Legislative Assembly

നിർവ്വഹിക്കുന്നതുമൂലം അഴിമതി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലഭിക്കുന്ന പരാതികളിൻമേൽ തീരുമാനമെടുക്കാൻ ജില്ലാ അടിസ്ഥാനത്തിൽ പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ കളക്ട്രേറ്റുകളിലും ഈ ആവശ്യത്തിലേയ്ക്കായി പരാതിപ്പെട്ടികളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും സെക്രട്ടേറിയറ്റിലും ലഭിക്കുന്ന പരാതികളിൻമേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

തൊണ്ടു നിയന്ത്രണ ഉത്തരവ്

30 (*300)ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടു നിയന്ത്രണ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ്മൂലം കയർ വ്യവസായത്തിന് ഇപ്പോഴത്തെ സാഹചര്യത്തിൽ എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുന്നു എന്നു പറയുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ ചകിരി ഇവിടെ ലഭ്യമാണോ;

(ഡി) അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ചകിരി എവിടെ നിന്നെല്ലാം കൊണ്ടുവരുന്നു എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ലഭ്യമല്ല.

(ഡി) അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നും സംസ്ഥാനത്തേക്ക് ചകിരി വരുന്നുണ്ട്.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് നടപടി

1 (1337)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനോ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനോ ആവശ്യമായ സാമ്പത്തികസഹായം നൽകാമെന്ന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly